"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2019-20 വാർഷിക പദ്ധതി - കൊട്ടാരക്കര, കില-സി.എച്ച്.ആർ.ഡി.-യുടെ ആവർത്തന ചെലവുകൾക്കുള്ള സംസ്ഥാന വിഹിതത്തിന്റെ രണ്ടാം ഗഡുവായി ₹42.89 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**സ.ഉ.(സാധാ) നം.2145/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 13/11/2020

---

പരാമർശം:- 1 14.06.2020-ലെ G.O. (Rt) No. 1134/2020/LSGD നമ്പർ ഉത്തരവ്

2 പഞ്ചായത്ത് ഡയറക്ടറുടെ 11.08.2020-ലെ PAN/2470/2019-J5(DP) നമ്പർ കത്ത്.

3 കില ഡയറക്ടർ ജനറലിന്റെ 07.08.2020, 19.10.2020 തീയതികളിലെ 2019/101/8253 നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കൊട്ടാരക്കര കില-സി.എച്ച്.ആർ.ഡി.-യുടെ 2019-20 വർഷത്തിലെ ആവർത്തന ഗ്രാന്റിന്റെ സംസ്ഥാന വിഹിതത്തിന്റെ ആദ്യഗഡുവായി 73.74 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുടർന്ന് പരാമർശം (2), (3) പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസലിൽ ആവർത്തന ഗ്രാന്റിന്റെ രണ്ടാം ഗഡുവിനത്തിൽ (കേന്ദ്ര വിഹിതം) 90.12 ലക്ഷം രൂപ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുവദിച്ചിരുന്നതായും സംസ്ഥാന ബഡ്ജറ്റിൽ 2515-00-102-32 (പ്ലാൻ) എന്ന ശീർഷകത്തിൽ കില-മാനവ ശേഷി വികസന കേന്ദ്രത്തിന് (സി.എച്ച്.ആർ.ഡി.) (50% സി.എസ്.എസ്.) എന്ന പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽ നിന്നും കേന്ദ്ര ഗ്രാന്റിന് തുല്യമായ രണ്ടാം ഗഡുവായ 73.74 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി പ്രസ്തുത തുക ഇന്ത്യൻ ബാങ്കിന്റെ കൊട്ടാരക്കര ശാഖയിലെ (Branch Code - 838, IFSC Code - IDIB000K075) 481357281 (for Recurring Grant) എന്ന അക്കൗണ്ടിലേക്ക് അനുവദിക്കണമെന്നും കില ഡയറക്ടർ ജനറൽ ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-20 സാമ്പത്തിക വർഷത്തിൽ 2515-00-102-32 (PV) എന്ന ശീർഷകത്തിൽ കില-മാനവ ശേഷി വികസന കേന്ദ്രത്തിന് (സി.എച്ച്.ആർ.ഡി.) (50% സി.എസ്.എസ്.) എന്ന പദ്ധതിയ്ക്കായി 2019-20 -ൽ ബാക്കിയുള്ള സംസ്ഥാന വിഹിതമായ ₹42.89 ലക്ഷം രൂപ (₹116.63 - ₹73.74) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും റിലീസ് ചെയ്ത് ഇന്ത്യൻ ബാങ്ക്, കൊട്ടാരക്കര [A/c.No.481357281 (Recurring Grant)]-ലേക്ക് അനുവദിക്കുന്നതിന് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി .കെ. പ്രതാപൻ**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.

**File No.LSGD-IB2/131/2020-LSGD**

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി., കൊട്ടാരക്കര.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ് - (06.11.2020ലെ No: DEV-2/82/2020-FIN Computer No: 1493280 പ്രകാരം)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.